## പാഠം 8

# ഇവരിൽ ഏറ്റവും ചെറിയവൻ

**വായിക്കുക:** മത്തായി 5:2–16; 5:38–48; റോമർ 12:20,21; ലൂക്കൊസ് 16:19–31; 12:13–21; മത്തായി 25:31–46

**മനഃപാഠവാക്യം:** "രാജാവു അവരോടു: എന്റെ ഈ ഏറ്റവും ചെറിയ സഹോദരന്മാരിൽ ഒരുത്തന്നു നിങ്ങൾ ചെയ്തേടത്തോളം എല്ലാം എനിക്കു ചെയ്തു എന്നു ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു എന്നു അരുളിച്ചെയ്യും" (മത്തായി 25:40).

യേശു മറ്റുള്ളവർക്കായി പ്രത്യേകിച്ചു വേദനിക്കുന്നവർക്കും നഷ്ടപ്പെട്ടവർക്കുമായി കരുതലോടുകൂടി ജീവിച്ചു എന്നു കാണുമ്പോൾ, യേശു ചെയ്തതായ, മറ്റുള്ളവരുടെ ക്ഷേമത്തിനുവേണ്ടി പ്രവർത്തിക്കുന്നതിനെക്കുറിച്ചു തനിക്കു ഏറെ പറയുവാൻ ഉണ്ടാകുമെന്നു നാം പ്രതീക്ഷിക്കണം.

ദൈവത്തിന്റെ ഒരു അനുയായി ആയി ജീവിക്കുക എന്നതിന്റെ അർത്ഥത്തിൽ കേന്ദ്രീകരിച്ചുള്ള യേശുവിന്റെ ഉപദേശം പ്രായോഗികമാണ്. അങ്ങനെ ആയിരിക്കെ, യേശുതന്നെ ഭൂമിയിൽ ആയിരുന്ന പ്പോൾ ചെയ്തതുപോലെ നീതിയുടെയും ദയയുടെയും കരുണയുടെയും പ്രവൃത്തികൾ ചെയ്യുന്നതിലേക്കു നമ്മെ നിർബ്ബന്ധിക്കുന്നതായി നമുക്കു കാണാം. യേശുവിന്റെ മാതൃക നാം പിന്തുടരുന്നെങ്കിൽ യേശു ചെയ്തതുപോലെ നാമും മറ്റുള്ളവർക്കു ശുശ്രൂഷ ചെയ്യും.

യേശു സ്വർഗ്ഗരാജ്യത്തെക്കുറിച്ചും സംസാരിച്ചു. യേശുവിന്റെ വിവരണത്തിൽ സ്വർഗ്ഗരാജ്യം ഒരു യാഥാർത്ഥ്യം ആണ്. അതിൽ ഇപ്പോൾ തന്നെ, നമുക്കും ഒരു ഭാഗം ആകാൻ കഴിയും. അതൊരു ജീവിതരീതിയാണ്. വ്യത്യസ്തമായ ഒരു കൂട്ടം മുൻഗണനകളോടും മൂല്യങ്ങളോടും ധാർമ്മികതകളോടും ഒത്തു പ്രവർത്തിക്കുന്നതാണ്. ഭൗമിക രാജ്യങ്ങളിൽ അതു കാണപ്പെടുകയില്ല. യേശുവിന്റെ ഉപദേശങ്ങളാണു ഈ രാജ്യത്തിന്റെ രൂപരേഖ തയ്യാറാക്കുന്നത്. ദൈവത്തെ നാം എങ്ങനെ സേവിക്കുന്നു, അങ്ങനെ സേവിക്കുന്നതിൽ എങ്ങനെയാണു നാം മറ്റുള്ളവരുമായി ബന്ധപ്പെടേണ്ടതു എന്നിവയിൽ ശക്തമായ ഒരു ശ്രദ്ധയും അതിൽ ഉൾപ്പെടുന്നു. മറ്റുള്ളവരെ സേവിക്കുന്നതും അവരുടെ അവശ്യങ്ങൾക്കായി കരുതുന്നതും അവരെ ഉയർത്തുന്നതും – ദൈവത്തിനു സേവനം അർപ്പിക്കുവാനുള്ള ഒരു നേരായ മാർഗ്ഗമാണ്.

# ഗിരിപ്രഭാഷണം അവതരിപ്പിക്കുന്നു

യേശുവിന്റെ ഏറ്റവും നീണ്ട പ്രസംഗം അല്ലെങ്കിൽ ഉപദേശങ്ങളുടെ സമാഹാരം ഗിരിപ്രഭാഷണം ആണ്. മൂന്നു അദ്ധ്യായം നീണ്ട, ദൈവരാജ്യത്തിലെ ജീവിത അവലോകനം 'സന്തോഷ സൂക്തം' (Beatitudes) എന്നറിയപ്പെടുന്ന മൂല്യങ്ങളുടെ ഒരു പ്രസ്താവനയോടുകൂടിയാണു തുടങ്ങുന്നത്.

**മത്തായി 5:2-16 വായിക്കുക. ഈ ഒൻപതു മൂല്യങ്ങളുടെ അല്ലെങ്കിൽ "ഭാഗ്യവാന്മാർ" എന്നു യേശു വിവരിക്കുന്ന ആളുകളുടെ പൊതുവായ പ്രത്യേകതകൾ എന്തൊക്കെയാണ്?**

ഈ വചനങ്ങളുടെ ആഴമേറിയ ആത്മിക മൂല്യങ്ങളുടെ പ്രായോഗികതയോടൊപ്പം, നാം അവയുടെ ക്രിയാത്മക വായന നഷ്ടപ്പെടുത്താതിരിക്കുകയും വേണം. യേശു, നമ്മിലും നമ്മുടെ ലോകത്തിലുമുള്ള ദാരിദ്ര്യത്തെ തിരിച്ചറിയുന്നതിനെ സംബന്ധിച്ചു സംസാരിച്ചു. ധാർമ്മികത (ചില ബൈബിൾ പതിപ്പുകളിൽ 'നീതി' (Justice), സൗമ്യത, കരുണ, സമാധാനം ഉണ്ടാക്കുന്നതു, ഹൃദയശുദ്ധി എന്നിവയെക്കുറിച്ചും യേശു സംസാരിച്ചു. ഈ ഗുണങ്ങൾക്കൊത്തു ജീവിക്കുമ്പോൾ നമ്മിൽ ഉണ്ടാകുന്ന പ്രാവർത്തിക വ്യത്യാസം നാം പ്രത്യേകം ശ്രദ്ധിക്കണം. ലോകത്തിൽ ഉപ്പും വെളിച്ചവും ആയിരിക്കുവാൻ യേശു തന്റെ ശിഷ്യന്മാരെ നിർബ്ബന്ധിച്ചു. തുടർന്നുള്ള പ്രസ്താവനകളിലും യേശു പ്രവൃത്തിയധിഷ്ഠിത വായനയെ ഉറപ്പിച്ചു പറഞ്ഞു (മത്താ. 5:13-16).

ഉപ്പിന്റെയും വെളിച്ചത്തിന്റെയും സാദൃശ്യം, അവരുടെ ചുറ്റിലും ഉള്ളവരുടെ ജീവിതങ്ങളെ സ്വാധീനിക്കുവാനും മെച്ചപ്പെടുത്തുവാനുമുള്ള ശിഷ്യന്മാരുടെ ചുമതലയെ ചൂണ്ടിക്കാണിക്കുന്നു. നാം ശരിയായ വിധം ദുഃഖിക്കുമ്പോഴും, ഹൃദയശുദ്ധി സൂക്ഷിക്കുമ്പോഴും, വിനയം ശീലിക്കുമ്പോഴും കരുണ കാണിക്കുമ്പോഴും, സമാധാനം ഉണ്ടാക്കുമ്പോഴും പീഡനം സഹിക്കുമ്പോഴും നാം ഉപ്പും വെളിച്ചവും ആയിത്തീരുന്നു. അങ്ങനെ, യേശു തന്റെ പ്രസംഗം തുടങ്ങുന്നതു, ചിലപ്പോൾ "വിലകുറച്ചു കാണപ്പെടുന്ന" തന്റെ രാജ്യത്തിന്റെ "മൂല്യങ്ങൾക്കു ശരീരം നൽകുവാനുള്ള അഹ്വാനത്തോടെയാണ്.

വേണ്ടുംവിധം ഉപയോഗിക്കുമ്പോൾ, അവ ചേർക്കപ്പെടുന്ന സാഹചര്യങ്ങളിൽ ഉപ്പും വെളിച്ചവും വ്യത്യാസം ഉളവാക്കും. ഉപ്പു സ്വാദു വരുത്തുന്നതോടൊപ്പം അതു ചേർക്കപ്പടുന്ന ഭക്ഷ്യവസ്തുക്കളെ സംരക്ഷിക്കുന്നു. നാം നമുക്കു ചുറ്റും ഉള്ളവർക്കു നന്മ ആയിരിക്കേണ്ടുന്നതിന്റെ സാദൃശ്യം ആണിത്. അതുപോലെ വെളിച്ചം ഇരുട്ടിനെ തള്ളി നീക്കുന്നു, തടസ്സങ്ങളെയും

ബുദ്ധിമുട്ടുകളെയും വെളിച്ചത്താക്കുന്നു, ഒരു ഭവനത്തെയോ നഗരത്തെയോ സുരക്ഷിതമാക്കുന്നു, അകലത്തിലും വഴികാണിക്കുകയും ചെയ്യുന്നു. ഇരുട്ടുള്ള രാത്രിയിൽ വെളിച്ചം എന്നപോലെ, യേശുപറഞ്ഞു: "മനുഷ്യർ നിങ്ങളുടെ നല്ല പ്രവൃത്തികളെ കണ്ടു, സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവിനെ മഹത്വപ്പെടുത്തേണ്ടതിനു നിങ്ങളുടെ വെളിച്ചം അവരുടെ മുമ്പിൽ പ്രകാശിക്കട്ടെ (മത്താ. 5:16).

**നിങ്ങളുടെ സഭാസമൂഹം നിങ്ങളുടെ പൊതുസമൂഹത്തിൽ ഉപ്പും വെളിച്ചവുമായി എങ്ങനെയാണ് പ്രവർത്തിക്കുന്നത്? നിങ്ങളുടെ സഭ പ്രവർത്തിക്കുന്നതിനാൽ നിങ്ങളുടെ സമൂഹം എങ്ങനെയാണു ഒരു മെച്ചപ്പെട്ട ഇടം ആകുന്നത്? മറുവശത്തു, നിങ്ങളുടെ സഭ ഇല്ലാതെപോയാൽ, അതു നിങ്ങളുടെ സമൂഹത്തിൽ എന്തു വ്യത്യാസം ഉളവാക്കും?**

**തിങ്കൾ** **ഓഗസ്റ്റ് 19**

## തിന്മയെ നന്മകൊണ്ടു ജയിക്കുക

യേശുവിന്റെ ഉപദേശങ്ങളെ നാം പരിഗണിക്കുമ്പോൾ, യേശു സംസാരിച്ച ആളുകളെയും അവരുടെ ജീവിത സാഹചര്യങ്ങളെയും മനസ്സിൽ കാണുന്നതു നല്ലതാണ്. യേശു, താൻ ശുശ്രൂഷ ചെയ്തുവന്ന പ്രദേശങ്ങളിൽ വൻ ജനക്കൂട്ടങ്ങളെ ആകർഷിച്ചു തുടങ്ങിയിരുന്നു (മത്താ. 4:25; 5:1 കാണുക). റോമൻസാമ്രാജ്യ ഭരണത്തിൽ ജീവിച്ചു വന്ന സാധാരണക്കാർ ആയിരുന്നു അധികവും. അവരിൽ ചിലർ ആകട്ടെ യെഹൂദാ ഭരണക്കാരും മതനേതാക്കളും ആയിരുന്നു. സാധാരണക്കാരുടെ നിലനിൽപ് പ്രയാസകരം ആയിരുന്നു. കനത്ത നികുതിയും മതപാരമ്പര്യവും കൊണ്ടു ഭാരപ്പെടുന്നവരും വളരെ കുറച്ചുമാത്രം തിരഞ്ഞെടുപ്പു സ്വാതന്ത്ര്യം ഉള്ളവരും ആയിരുന്നു അവർ.

ഇവരെ പഠിപ്പിക്കുന്നതിൽ, മെച്ചമായി, അന്തസ്സോടും ധൈര്യമായും അവരവരുടെ സാഹചര്യങ്ങളിൽ ജീവിക്കുന്നതിനുള്ളമാർഗ്ഗം കാട്ടികൊടുക്കുവാൻ യേശു നിശ്ചയമായും ചിന്തയുള്ളവൻ ആയിരുന്നു. ഇതിനു ഒരു ഉദാഹരണം മത്തായി 5:38–48 ൽ കാണുന്നു. "മറ്റേ ചെകിടും കാണിച്ചുകൊടുക്കുക", "പുതപ്പും കൂടെ വിട്ടുകൊടുക്കുക", "രണ്ടു നാഴിക അവനോടുകൂടെ പോകുക" എന്നിവ ആയിരുന്നു യേശുവിന്റെ സമൂഹ ജീവിതനിർദ്ദേശങ്ങൾ. യേശു ഇവിടെ പഠിപ്പിക്കുന്ന മൗലിക പ്രവൃത്തിയും മനോഭാവവും ഇവയാണ്.

യേശു ഇവിടെ വിവരിക്കുന്ന രംഗാവിഷ്കാരം തന്റെ കേൾവിക്കാരിൽ പലർക്കും സാധാരണ അനുഭവങ്ങൾ ആയിരുന്നു. അവരുടെ "ഉന്നതരോ" യജമാനന്മാരോ അവരെ ക്രൂരമായി കൈയേറ്റം ചെയ്തിരുന്നു. അവരുടെ

വസ്തുക്കൾ പലപ്പോഴും കടപ്പെടുകയും ജന്മിമാരും വായ്പ നൽകിയവരും കൈക്കലാക്കുകയും ചെയ്തു. അധിനിവേശ റോമൻ പടയാളികളാൽ അവർ പലപ്പോഴും ജോലിക്കു നിർബ്ബന്ധിക്കപ്പെട്ടു. സത്യസന്ധമായി പ്രതികരിക്കുവാനും അവരുടെ പീഡകർ അർഹിക്കുന്നതിലും മെച്ചമായി അവരോടു പെരുമാറുവാനും, അങ്ങനെ ചെയ്തുകൊണ്ടു തങ്ങളുടെ മാനുഷികത നഷ്ടപ്പെടുത്താതിരിക്കുവാനും യേശു അവരെ പഠിപ്പിച്ചു. ഈ പീഡകർ തങ്ങളുടെ അധികാരം ശക്തി പ്രയോഗിച്ചപ്പോൾ എങ്ങനെ പ്രതികരിക്കണമെന്നു തീരുമാനിക്കുവാൻ ജനങ്ങൾക്കു സ്വാതന്ത്ര്യം ഉണ്ടായിരുന്നു. അക്രമം കൂടാതെ ചെറുക്കുകയും സൗമ്യമായി പ്രതികരിക്കുകയും ചെയ്തതിലൂടെ അവർ പീഡനത്തിന്റെ ദുഷ്ടതയെയും ചെയ്യപ്പെട്ടുകൊണ്ടിരുന്ന അന്യായത്തെയും തുറന്നു കാട്ടി.

**മത്തായി 5:38-40, റോമർ, 12:20,21 തമ്മിൽ താരതമ്യം ചെയ്യുക. ഇങ്ങനെയുള്ള മൗലിക തത്വങ്ങളെ ജീവിതങ്ങളിൽ ഉയർത്തിക്കാട്ടി എങ്ങനെ ജീവിക്കാൻ കഴിയും?**

**യേശു "ന്യായപ്രമാണത്തെയും പ്രവാചകന്മാരെയും" ആകമാനം ഒരു ലളിതമായ സുവർണ്ണനിയമത്തിൽ സംഗ്രഹിച്ചു: ''മനുഷ്യർ നിങ്ങൾക്കു ചെയ്യേണം എന്നു നിങ്ങൾ ഇച്ഛിക്കുന്നതു ഒക്കെയും നിങ്ങൾ അവർക്കും ചെയ്വിൻ" (മത്താ. 7:12). യേശു നമ്മോടു ആജ്ഞാപിക്കുന്ന ഇക്കാര്യം, അതിന്റെ വില എന്തായാലും ഇപ്പോൾ ഏതെല്ലാം വിധങ്ങളിൽ ചെയ്യാൻ കഴിയും?**

**ചൊവ്വ** **ഓഗസ്റ്റ് 20**

## നല്ല ശമര്യക്കാരൻ

**ലൂക്കൊസ് 10:25-27 വായിക്കുക. യേശുവിനെ ചോദ്യം ചെയ്ത ന്യായശാസ്ത്രി, ദൈവത്തിനു സ്വീകാര്യമായ ജീവിതം നയിക്കുന്നതിനു പഴയനിയമ കല്പനകളുടെ ഒരു സംക്ഷേപം നൽകി. ഈ രണ്ടു കല്പനകൾ എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നു?**

യേശുവിനെ പരീക്ഷിച്ച ചോദ്യങ്ങൾക്കു യേശു പലപ്പോഴും ചോദിച്ചവൻ ഉദ്ദേശിച്ചതിൽനിന്നു വ്യത്യസ്തമായ മറുപടിയാണു നൽകിയത്: "കൂട്ടുകാരനെ നിന്നെപ്പോലെ തന്നേ സ്നേഹിക്കേണം" (ലേവ്യ. 19:18) എന്ന ഉപദേശത്തിനു പ്രതികരണമായി, യേശുവിന്റെ കാലത്തെ പല മതവിശ്വാസികളും, ആരാണു "അയൽക്കാരൻ" എന്ന തത്വത്തിന്റെ നീളവും പരിധികളും അളക്കുന്നതിനു തർക്കിച്ചുകൊണ്ടു സമയവും ഊർജ്ജവും ചെലവഴിച്ചു വന്നതുപോലെ തോന്നുന്നു.

യേശു, തന്റെ അനുയായികൾക്കു ഈ പദപ്രയോഗത്തിന്മേലുള്ള ധാരണയെ കൂടുതൽ വികസിപ്പിക്കുന്നതിനു നേരത്തെതന്നെ ആഗ്രഹിച്ചിരുന്നു. അയൽക്കാരെ സ്നേഹിക്കുക മാത്രമല്ല, എല്ലാവർക്കും നന്മചെയ്യുവാനും യേശു നിർബ്ബന്ധിച്ചു. ഞാനോ നിങ്ങളോടു പറയുന്നതു: നിങ്ങളുടെ ശത്രുക്കളെ സ്നേഹിപ്പിൻ, നിങ്ങളെ ഉപദ്രവിക്കുന്നവർക്കുവേണ്ടി പ്രാർത്ഥിപ്പിൻ; സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവിനു പുത്രന്മാരായി തീരേണ്ടതിനു തന്നേ, ദൈവം ദുഷ്ടന്മാരുടെമേലും നല്ലവരുടെമേലും തന്റെ സൂര്യനെ ഉദിപ്പിക്കുകയും നീതിമാന്മാരുടെമേലും നീതികെട്ടവരുടെമേലും മഴ പെയ്യിക്കുകയും ചെയ്യുന്നുവല്ലോ" (മത്താ. 5:44,45).

മതന്യായപ്രമാണത്തിൽ വിദഗ്ദ്ധനായവൻ യേശുവിനെ പരീക്ഷിക്കുവാൻ ഉദ്ദേശിച്ചുകൊണ്ടു അധികം തർക്കിക്കപ്പെട്ട ആ ചോദ്യത്തിലേക്കു മടങ്ങിവന്നു: "ആരാകുന്നു എന്റെ അയൽക്കാരൻ?" (ലൂക്കൊസ് 10:29). അതിനു മറുപടിയായി യേശു "നല്ല ശമര്യക്കാര"ന്റെ കഥ പറഞ്ഞു. എന്നാൽ ന്യായശാസ്ത്രിയുടെ ചോദ്യത്തിന്റെ അന്തിമമായ മറുപടി "അയൽക്കാരൻ" എന്ന പദത്തിന്റെ നിർവ്വചനം ആയിരുന്നില്ല. അതിനുപകരം യേശു പറഞ്ഞു: "ഫലത്തിൽ - നീയും പോയി, നിന്റെ സഹായം ആവശ്യമായവർക്ക് ഒരു അയൽക്കാരൻ ആയിരിക്കുക" (ലൂക്കൊസ് 10:36,37).

**ലൂക്കൊസ് 10:30–37 വായിക്കുക. അവരുടെ സഹായം ആവശ്യമായി വഴിയരികിൽ ആ മനുഷ്യനെ കണ്ട ആ മൂന്നു കഥാപാത്രങ്ങളുടെ വ്യത്യസ്തത യേശു ചൂണ്ടിക്കാണിച്ചതിന്റെ പ്രാധാന്യം എന്താകുന്നു?**

യേശുവിന്റെ ഉപദേശങ്ങളിൽ പൊതുവേ എങ്കിലും, തന്റെ ഏറ്റവും പരുഷമായ വിമർശനം, മറ്റുള്ളവരുടെ കഷ്ടങ്ങളിൽ യാതൊരു വിചാരവും കാണിക്കാതിരുന്ന മതനായകന്മാരോടുള്ളതു ആയിരുന്നു. "നല്ല ശമര്യക്കാരന്റെ കഥയിൽ യഥാർത്ഥ മതത്തിന്റെ സ്വഭാവത്തെ യേശു ദൃഷ്ടാന്തീകരിക്കുന്നു. സമ്പ്രദായങ്ങളിലോ, മതോപദേശങ്ങളിലോ, അനുഷ്ഠാനങ്ങളിലോ അല്ല, സ്നേഹത്തിന്റെ പ്രവൃത്തികളും മറ്റുള്ളവർക്കു ഏറ്റവും വലിയ നന്മയും, വാസ്തവമായ സൽപ്രവൃത്തികളും ചെയ്യുന്നതിലത്രേ അതു അടങ്ങിയിരിക്കുന്നതെന്നു യേശു കാണിച്ചു" The Desire of Ages, P. 497.

യേശുവിന്റെ ഉപദേശത്തിൽ, ദൈവത്തോടു അവിശ്വസ്തൻ എന്നു കരുതപ്പെട്ടിരുന്നവനെ, ദൈവത്തിന്റെ അനുയായികൾ എന്നു അവകാശപ്പെടുന്ന എല്ലാവർക്കുമുള്ള ദൈവവിളിയെ വ്യക്തമാക്കുവാൻ ഒരു പുറജാതിക്കാരനെത്തന്നെ ചൂണ്ടിക്കാണിക്കുന്നു. ആദ്യശ്രോതാക്കൾ എന്നപോലെ, നിത്യജീവൻ പ്രാപിക്കുവാൻ യേശു നമ്മെയും അന്തിമമായി ഉപദേശിക്കുന്നതു ആവശ്യക്കാർക്കു നല്ല അയൽക്കാരൻ ആകുക എന്നാണ്.

# ധനവാനും ലാസറും

യേശു, ധനവാന്റെയും ലാസറിന്റെയും ഉപമയിൽ, ധനികനായ ഒരുവന്റെയും തികച്ചും ദരിദ്രനായ മറ്റൊരുവന്റെയും ജീവിതങ്ങളിലെ വ്യത്യാസം എടുത്തു കാണിക്കുന്നു. സാമൂഹ്യ ക്ഷേമ പ്രവർത്തനവും, സാമൂഹിക ആരോഗ്യ കേന്ദ്രങ്ങളും നല്ല അടുക്കളകളും ഇല്ലാതിരുന്ന സ്ഥിതിയിൽ ദരിദ്രരും അംഗഹീനരും നിർഭാഗ്യരും, ധനികരുടെ വീട്ടുപടിക്കൽ ഭിക്ഷ യാചിക്കുന്നതു സാധാരണം ആയിരുന്നു. ദുരിത നിവാരണത്തിനു, ധനികർ തങ്ങളുടെ ധനത്തിൽനിന്നു ഔദാര്യം ചെയ്യുവാൻ പ്രതീക്ഷിക്കപ്പെട്ടിരുന്നു. പക്ഷേ ഈ കഥയിൽ, “ധനവാൻ തന്റെ സഹോദരനോടു സ്വാർത്ഥമായ ഉദാസീനതയാണു കാണിച്ചത് (Christ's Object Lessons, P. 261). ജീവകാലത്തു അവരുടെ തൽസ്ഥിതി മാറ്റമില്ലാതെ നിലനിന്നു. പക്ഷേ, ദൈവം വിധിച്ചപ്രകാരം, മരണത്തിൽ അവരുടെ സ്ഥിതികൾ നാടകീയമായി നേരെ തിരിഞ്ഞു വന്നു.

**ലൂക്കൊസ് 16:19–31; 12:13–21 തമ്മിൽ താരതമ്യം ചെയ്യുക. രണ്ടു കഥകളും തമ്മിലുള്ള സാമ്യങ്ങളും വ്യത്യാസങ്ങളും എന്തൊക്കെയാണ്? ഒരുമിച്ചു അവ രണ്ടും എന്താണു പഠിപ്പിക്കുന്നത്?**

തെറ്റു ചെയ്തു ആരെങ്കിലും ധനികരായതിന്റെ തെളിവൊന്നും രണ്ടു കഥകളിലുമില്ല. ഒരുപക്ഷേ അവർ ഇരുവരും കഠിനജോലി ചെയ്തിട്ടുണ്ടാകും, ശ്രദ്ധിച്ചു കൈകാര്യം ചെയ്തിട്ടുണ്ടാകും, ദൈവത്താൽ അനുഗ്രഹിക്കപ്പെട്ടിട്ടുമുണ്ടാകും. പക്ഷേ ജീവിതം, ദൈവം, ധനം, മറ്റുള്ളവർ എന്നീ കാര്യങ്ങളിലെ അവരുടെ മനോഭാവം തെറ്റിയതായി കാണപ്പെടുന്നു. ഇതവരുടെ സുപ്രധാനവും നിത്യവുമായ നഷ്ടത്തിനു കാരണമായി.

യേശുവിന്റെ കാലത്തു പ്രചാരത്തിലിരുന്ന അനന്തരജീവിതത്തിൽ അധിഷ്ഠിതമായ ധനവാന്റെയും ലാസറിന്റെയും കഥ അനുസരിച്ചു ഇപ്പോഴത്തെ ജീവിതത്തിലെ തിരഞ്ഞെടുപ്പുകൾ അടുത്ത ജീവിതത്തിനു ബാധകമാകും. നമ്മുടെ സഹായം ആവശ്യമായവരോടും തേടുന്നവരോടും നാം എങ്ങനെ പ്രതികരിക്കുന്നു എന്നതു നമ്മുടെ തിരഞ്ഞെടുപ്പും മുൻഗണനകളും പ്രകടമാക്കപ്പെടുന്നതിന്റെ ഒരു മാർഗ്ഗം ആണ്. “അബ്രഹാം” ദുരിതം അനുഭവിക്കുന്ന ധനവാനു കാണിച്ചുകൊടുത്തതുപോലെ, മെച്ചമായതു തിരഞ്ഞെടുക്കുവാൻ ബൈബിൾ വേണ്ടതിലധികം അനുയോജ്യമായ മാർഗ്ഗനിർദ്ദേശം ലഭ്യമാക്കുന്നു: അവർക്കു മോശെയും പ്രവാചകന്മാരും ഉണ്ടല്ലോ; അവരുടെ വാക്കു അവർ കേൾക്കട്ടെ” (ലൂക്കൊസ് 16:29).

യേശു പഠിപ്പിച്ചു, അതായതു, ധനത്തിന്റെ പ്രലോഭനങ്ങൾ – ഉണ്ടായിരിക്കുന്നതോ, സൂക്ഷിക്കുന്നതോ, ആഗ്രഹിക്കുന്നതോ ആയാലും –

അതിനു നമ്മെ തന്റെ രാജ്യത്തിൽനിന്നു പിന്തിരിപ്പിക്കാം, മറ്റുള്ളവരിൽനിന്നു അകറ്റാം, അതുപോലെ സ്വയം കേന്ദ്രീകരണത്തിലേക്കും സ്വയാശ്രയ ത്തിലേക്കും നയിക്കുകയും ചെയ്യാം. യേശുനമ്മെ ആദ്യം തന്റെ രാജ്യം അന്വേഷിക്കുന്നതിലേക്കും, നമുക്കു ലഭ്യമായ അനുഗ്രഹങ്ങളെ നമുക്കു ചുറ്റും ഉള്ളവരുമായി, പ്രത്യേകിച്ചു ഇല്ലാത്തവരുമായി പങ്കുവയ്ക്കുന്നതി ലേക്കും ക്ഷണിക്കുന്നു.

**നിങ്ങളുടെ സാമ്പത്തിക സ്ഥിതി എങ്ങനെ ആയിരുന്നാലും, ക്രിസ്ത്യാനികൾ ജീവിതത്തിൽ ശ്രദ്ധിക്കേണ്ട ജീവിത കാഴ്ചപ്പാടുകളെ പണമോ ധനസ്നേഹമോ വികലം ആക്കാതിരിക്കാൻ എങ്ങനെ സൂക്ഷി ക്കാൻ കഴിയും?**

**വ്യാഴം** **ഓഗസ്റ്റ് 22**

# ഇവരിൽ ഏറ്റവും ചെറിയവൻ

പ്രതീക്ഷിക്കപ്പെടാമായിരുന്നതിൽനിന്നു തികച്ചും വിഭിന്നമായ ഉത്തരം നൽകപ്പെട്ട മറ്റൊരു ചോദ്യം യേശുവിനോടു ചോദിക്കപ്പെട്ട വേറൊരു സന്ദർഭം മത്തായി 24,25 ലെ പ്രസംഗത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. യേശു വിന്റെ അടുക്കൽ വന്നു ശിഷ്യന്മാർ യെരൂശലേമിന്റെ നാശത്തെക്കുറിച്ചും യേശുവിന്റെ മടങ്ങിവരവിന്റെ കാലത്തെക്കുറിച്ചും ചോദിച്ചു (മത്താ. 24:1-3). യേശുവിന്റെ സുദീർഘമായ മറുപടിയുടെ ഉപസംഹാരം വിശക്കുന്നവർക്കു ഭക്ഷണം നൽകുന്നതും, ദാഹിക്കുന്നവർക്കു കുടിപ്പാൻ കൊടുക്കുന്നതും, പരദേശികളെ ഭവനത്തിൽ ചേർക്കുന്നതും, നഗ്നരെ ഉടുപ്പിക്കുന്നതും, രോഗി കളെ പരിചരിക്കുന്നതും, തടവിലിരിക്കുന്നവരെ സന്ദർശിക്കുന്നതും സംബ ന്ധിച്ചായിരുന്നു. യേശു അവരോടു ഉറപ്പിച്ചു പറഞ്ഞു: എന്റെ ഈ സഹോദ രന്മാരിലും സഹോദരിമാരിലും ഏറ്റവും ചെറിയ ഒരാൾക്കു, നിങ്ങൾ ചെയ്തത് എനിക്കായിരുന്നു ചെയ്തത്! (മത്താ. 25:40,45 കാണുക).

അന്ത്യന്യായവിധിയുടെ ഒരു ചിത്രമായി ഈ ഉപദേശം തുടങ്ങി യതുമായി ഇതു ബന്ധപ്പെട്ടിരിക്കുന്നു. മത്തായി 24 ആകമാനം, ശിഷ്യന്മാ രുടെ ചോദ്യങ്ങൾക്കു യേശു കൂടുതൽ നേരിട്ടുള്ള മറുപടികൾ നൽകിയി ട്ടുണ്ട്. യെരൂശലേമിന്റെ നാശത്തിനും കാലത്തിന്റെ അന്ത്യത്തിനും മതിയായ അടയാളങ്ങളും മുന്നറിയിപ്പുകളും യേശു നൽകിയിട്ടുണ്ട്. എന്നാൽ, "ഉണർന്നിരിക്കുവാനും" തന്റെ രണ്ടാം വരവിന്റെ വാഗ്ദത്തത്തിന്റെ വെളി ച്ചത്തിൽ ഒരുങ്ങി ജീവിക്കുവാനും യേശു ഉറപ്പിച്ചു പറഞ്ഞു. മത്തായി 25 ന്റെ ആദ്യഭാഗത്തു, ബുദ്ധിയുള്ളവരും, ബുദ്ധിയില്ലാത്തവരുമായ കന്യ കമാരുടെ ഉപമയിലൂടെ അപ്രതീക്ഷിതമോ വൈകിയതോ ആയ മടങ്ങിവര

വിനായി ഒരുങ്ങിയിരിക്കേണ്ടതിന്റെ ആവശ്യത്തെ യേശു തറപ്പിച്ചു പറഞ്ഞു. മൂന്നു ദാസന്മാരുടെ കഥ, കാത്തിരിക്കുന്ന കാലത്തു നന്നായി ജീവിക്കുന്ന തിനും ഫലമുള്ളവർ ആയിരിക്കുന്നതിനും ഓർമ്മിപ്പിക്കുന്നു. തുടർന്നുള്ള ചെമ്മരി ആടുകളുടെയും കോലാടുകളുടെയും ഉപമ, ദൈവജനം തിരക്കോടെ ചെയ്തുകൊണ്ടിരിക്കേണ്ട പ്രവൃത്തികളെ സംബന്ധിച്ചു കൂടുതൽ കൃത്യത ഉള്ളതാണ്.

**മത്തായി 25:31-46 വായിക്കുക. യേശു ഇവിടെ നമ്മോടു എന്താണു പറയുന്നത്? എന്തുകൊണ്ടു ഇതു പ്രവൃത്തിയാലുള്ള രക്ഷ അല്ല? യേശു വിന്റെ വചനങ്ങൾ പക്ഷേ ഇവിടെ രക്ഷാകരമായ വിശ്വാസത്തിന്റെ ശരിയായ അർത്ഥത്തെ എങ്ങനെ പഠിപ്പിക്കുന്നു?**

യേശുവിന്റെ പ്രസ്താവന - മറ്റുള്ളവരെ സേവിക്കുമ്പോൾ നാം അതു യേശുവിനായി ചെയ്യുന്നു - നമ്മുടെ എല്ലാ ബന്ധങ്ങളെയും മനോഭാവങ്ങ ളെയും രൂപാന്തരപ്പെടുത്തണം. യേശുവിനെ ഒരു ഭക്ഷണത്തിനായി ക്ഷണി ക്കുന്നതോ അല്ലെങ്കിൽ ആശുപത്രിയിലോ ജയിലിലോ സന്ദർശിക്കുന്നതായി ഒന്നു സങ്കല്പിക്കുക. നമ്മുടെ സമൂഹത്തിൽ ഈ സേവനം നാം ചെയ്യു മ്പോൾ നാം അതു ചെയ്യുന്നു എന്നാണു യേശു പറയുന്നത്. യേശു ഇപ്ര കാരം എത്ര അവിശ്വസനീയമായ അവസരമാണു നമുക്കു നൽകുന്നത്!

**യേശു എന്താണു ഈ വാക്യങ്ങളിൽ പറഞ്ഞിരിക്കുന്നതെന്നു ശ്രദ്ധിച്ചു പ്രാർത്ഥനയോടെ വായിക്കുക. യേശു തന്നെ മാത്രമാണു വിശ ക്കുന്നവരോടും നഗ്നരോടും തടവുകാരോടും തുലനം ചെയ്തതെന്ന ആശ യത്തെ നാം എങ്ങനെ മനസ്സിലാക്കുന്നു? നമ്മുടെമേലും നാം എങ്ങനെ ജീവിക്കുന്നു എന്നതിന്മേലും ഇതു എത്ര ശക്തമായ കടപ്പാടാണു ഇടു ന്നത്?**

**വെള്ളി** **ഓഗസ്റ്റ് 23**

**കൂടുതൽ പഠനം:** The Desire of Ages, PP. 497-505; PP. 637-641; Christ's Object Lessons PP. 260-271, PP. 276-389 വായിക്കുക.

"ക്രിസ്തു, വിഭജനം. സ്വാർത്ഥസ്നേഹം, ദേശീയതയുടെ വിഭാഗികത ദുരഭിമാനത്തിന്റെ വേർതിരിക്കുന്ന ചുവര് ഇവയെ തകർത്തു മുഴുവൻ മാനവ കുടുംബത്തിനുമുള്ള സ്നേഹം പഠിപ്പിക്കുന്നു. യേശു മനുഷ്യരെ അവരുടെ സ്വാർത്ഥതയുടെ ഇടുങ്ങിയ വൃത്തത്തിൽനിന്നു ഉയർത്തുന്നു. സമൂഹത്തിന്റെ പ്രദേ ശിക അതിർവരമ്പുകളെയും കൃത്രിമ പ്രത്യേകതകളെയും യേശു നിർമ്മാർ ജ്ജനം ചെയ്യുന്നു. അയൽക്കാരും അപരിചിതരും തമ്മിലും, സ്നേഹിതരും ശത്രുക്കളും തമ്മിലും, യാതൊരു വ്യത്യാസവും യേശു ഉണ്ടാക്കുന്നില്ല. സഹായം അവശ്യമായിരിക്കുന്ന ഓരോ ആത്മാവിനെ അയൽക്കാരനായും,

ലോകം മുഴുവൻ നമ്മുടെ മേഖലയായും കാണുവാൻ യേശു പഠിപ്പിക്കുന്നു" Thoughts from the Mount of Blessing, P. 42.

സുവർണ്ണ നിയമത്തിന്റെ മാനദണ്ഡം ആണു ക്രിസ്ത്യാനിത്വത്തിന്റെ യഥാർത്ഥ മാനദണ്ഡം. അതിൽ കുറഞ്ഞതൊക്കെയും വഞ്ചനയാണ്. ക്രിസ്തു തന്നെത്തന്നെ അവർക്കുവേണ്ടി നൽകുവാൻ വേണ്ടത്ര വില മതിച്ച മനുഷ്യരെ, വിലകുറച്ചു കാണുവാൻ പ്രേരിപ്പിക്കുന്ന ഒരു മതം; മാനുഷിക ആവശ്യങ്ങൾ, കഷ്ടങ്ങൾ, അല്ലെങ്കിൽ അവകാശങ്ങളോടു അവഗണന പ്രേരിപ്പിക്കുന്ന മതം; അതൊരു ജാരസന്തതിയായ മതമാണ്. ദരിദ്രരുടെയും കഷ്ടപ്പെടുന്നവരുടെയും പാപികളുടെയും അവകാശങ്ങളെ നിസ്സാരമാക്കുന്നതിൽ നാം ക്രിസ്തുവിന്റെ ദ്രോഹികളായി തെളിയിക്കപ്പെടുകയാണ്. ക്രിസ്തുവിന്റെ നാമം എടുത്തുകൊണ്ടു മനുഷ്യർ ജീവിതത്തിൽ തന്റെ സ്വഭാവത്തെ നിഷേധിക്കുന്നതിനാൽ ക്രിസ്ത്യാനിത്വത്തിനു ലോകത്തിൽ അത്ര കുറഞ്ഞ ശക്തി മാത്രമേ ഉണ്ടാക്കൂ'' Thoughts from the Mount of Blessing, PP. 136, 137.

**ചർച്ചയ്ക്കായുള്ള ചോദ്യങ്ങൾ:**

1. ഈ ആഴ്ചയിൽ പഠിച്ചതിൽ നിങ്ങൾക്കു ഏറ്റവും പ്രിയപ്പെട്ട വേദഭാഗം ഏതാണ്? എന്തുകൊണ്ട്?
2. മാനുഷിക ആവശ്യങ്ങളെയും കഷ്ടങ്ങളെയും അല്ലെങ്കിൽ അവകാശങ്ങളെയും അലസമായി കാണുവാൻ പ്രേരിപ്പിക്കുന്ന മതം എങ്ങനെയാണു ജാരസന്തതി ആയിത്തീരുന്നതെന്ന എല്ലെൻ വൈറ്റിന്റെ കുറിപ്പു കാണുക.
3. നമുക്കു സത്യം ഉള്ളതിനാൽ മറ്റൊന്നും ബാധകമല്ല എന്ന ചിന്തയുടെ എളുപ്പമായ കെണിയിൽ വീഴാതെ നമുക്കു എങ്ങനെ നമ്മെ സൂക്ഷിക്കാൻ കഴിയും?
3. സത്യം ഉള്ളതിനാൽ നമുക്കുണ്ടാകുന്ന എന്തവകാശനിർണ്ണയമാണു വ്യാഴാഴ്ചയിലെ വാക്യങ്ങൾ കാണിച്ചുതരുന്നത്?

**സംഗ്രഹം:** യേശുവിന്റെ ഉപദേശങ്ങൾ ദൈവരാജ്യത്തിന്റെ പൗരന്മാരും ഇടനിലക്കാരും ആയവർക്കു വ്യത്യസ്തമായ ഒരു ജീവിത വഴി രൂപപ്പെടുത്തുന്നു. പഴയനിയമ തിരുവെഴുത്തുകളുടെ അടിസ്ഥാനത്തിന്മേൽ പണിതുകൊണ്ടു സാധുക്കളുടെയും പീഡിതരുടെയും സംരക്ഷണകാര്യങ്ങളിലെ ശ്രദ്ധയെ യേശു പ്രതിധ്വനിപ്പിക്കുകയും വിശാലമാക്കുകയും ചെയ്തു. തന്റെ അനുയായികൾ തന്റെ മടങ്ങിവരവിനായി കാത്തിരിക്കുമ്പോൾ മനസ്സലിവും കരുണയും ഉള്ളവരായി ജീവിക്കുമെന്നു യേശു ദൃഢീകരിച്ചു പറയുന്നു.

***